27

മലയാള മനോരമ

ESTABLISHED 1888

കൊച്ചി
32 പേജ്
₹ 6.50

www.manoramaonline.com

# മത്സ്യമേഖലാ വികസനത്തിന് ഉടൻ നടപടി: മന്ത്രി മേഴ്സിക്കുട്ടിയമ്മ

## ബോട്ട് യാർഡുകൾക്ക് റജിസ്ട്രേഷൻ ഏർപ്പെടുത്തുമെന്നും മന്ത്രി

കൊച്ചി • മത്സ്യമേഖലയുടെ അഭിവൃദ്ധിക്കു വേണ്ട നടപടി ഉടൻ ഉണ്ടാകുമെന്നു മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ഫിഷറീസ് ഗവേഷണ സ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു മന്ത്രി. മത്സ്യബന്ധനത്തിനുള്ള വലകളുടെ വലുപ്പം, മത്സ്യബന്ധന ദൂരപരിധി, പിടിക്കാവുന്ന മത്സ്യങ്ങളുടെ വലുപ്പം തുടങ്ങിയവ ശാസ്ത്രീയമായി നിശ്ചയിക്കും. ബോട്ട് യാർഡുകൾക്കു റജിസ്ട്രേഷൻ ഏർപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു.

വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും സർക്കാർ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ആഴക്കടൽ മത്സ്യബന്ധനത്തിന് ഉന്നത നിലവാരത്തിലുള്ള യാനങ്ങൾ രൂപകൽപന ചെയ്യും. ജലകൃഷിയിൽ മുന്നേറുന്നതിനു സംസ്ഥാനത്തെ ഹാച്ചറി സംവിധാനങ്ങൾ മെച്ചപ്പെടുത്തും. തള്ളമത്സ്യങ്ങളെ ഉപയോഗിച്ചു രോഗാണുവിമുക്ത മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിനു കൂടുതൽ ഊന്നൽ നൽകും.

കേരളത്തിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രവിദ്യകൾ മത്സ്യത്തൊഴിലാളികളിലേക്കും കർഷകരിലേക്കും എത്തിക്കുന്നതിനു സ്ഥിരം സംവിധാനം കൊണ്ടുവരും. ഇതിന് എല്ലാ ഗവേഷണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സമിതി രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ, ഫിഷറീസ് ഡയറക്ടർ മിനി ആന്റണി, സിഐഎഫ്ടി ഡയറക്ടർ ഡോ.സി.എൻ. രവിശങ്കർ, കുഫോസ് വൈസ് ചാൻസലർ ഡോ. എ.രാമചന്ദ്രൻ, സാഫ് എക്സി.ഡയറക്ടർ സി.ആർ. സത്യവതി എന്നിവർ പ്രസംഗിച്ചു.